ഡീസൽ ജനറേറ്റർ

മെഡിക്കൽ ലൈബ്രറിയിലേക്കാവശ്യമായ ബുക്കുകളും ജേർണലുകളും ഫർണിച്ചറുകളും കാന്റീൻ കെട്ടിടത്തിന്റെ പൂർത്തീകരണം.

ഡയറക്ടർ ക്വാർട്ടേഴ്സ്

ചുറ്റുമതിലിന്റെ നിർമ്മാണ പ്രവൃത്തികൾ ഇ.ടി.പി. നവീകരണ പ്രവൃത്തികൾ

**ക്യാൻസർ രോഗ ചികിത്സയ്ക്കായി നൽകുന്ന സഹായങ്ങൾ**

**9 (4878)** ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗനിർണ്ണയ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ക്യാൻസർ രോഗ ചികിത്സയ്ക്കായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്യാൻസർ നിയന്ത്രണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, അമല ക്യാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ്, സർക്കാരേതര സംഘടനകൾ എന്നിവരുമായി ജില്ലകളിൽ ക്യാൻസർ നിർണ്ണയത്തിനും തുടർ ചികിത്സയ്ക്കും സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു. വിശദമായ ചർച്ചകൾക്കുശേഷമേ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാനുള്ള തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. മലബാർ മേഖലയിലെ എല്ലാ ജില്ലാ ആശുപത്രികളിലും എം.സി.സി. -യുടെ സഹകരണത്തോടെ ക്യാൻസർ വാർഡ് തുടങ്ങാനുള്ള ഒരു പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി സ്വാമൂഹ്യ സുരക്ഷാമിഷന്റെ ആഭിമുഖ്യത്തിലുള്ള ക്യാൻസർ സുരക്ഷാപദ്ധതി, രാഷ്ട്രീയ ആരോഗ്യ നിധി, നിർദ്ധന രോഗികൾക്ക് പ്രതിമാസം 300 രൂപ പെൻഷൻ, Medical Assistance to the poor എന്ന പദ്ധതി പ്രകാരം ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രധാനമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം, പട്ടികവർഗ്ഗക്കാർക്ക് സൗജന്യചികിത്സ, ക്യാൻസർ രോഗികൾക്ക് റെയിൽവേ കൺസഷൻ നിരക്കിൽ യാത്ര തുടങ്ങിയവ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് ക്യാൻസർ ചികിത്സയ്ക്കായി പലിശ രഹിത വായ്പയും റീഇമ്പേഴ്സ്മെന്റും അനുവദിക്കുന്നുണ്ട്.

**18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ**

**10 (4879)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സർക്കാർ പ്രഖ്യാപിച്ച സൗജന്യ ചികിത്സ നൽകുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

സൗജന്യ ചികിത്സാ പദ്ധതികളായ ക്യാൻസർ സുരക്ഷാ പദ്ധതി, 'താലോലം' പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**18 വയസ്സിനു താഴെയുള്ളവരുടെ രോഗ ചികിത്സയ്ക്കായി പ്രത്യേക വാർഡുകൾ**

**11 (4880)** ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിനു താഴെയുള്ളവരുടെ രോഗ ചികിത്സയ്ക്കായി സർക്കാർ ആശുപത്രികളിൽ പ്രത്യേക വാർഡുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ;

(ബി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് കുട്ടികൾക്കായുള്ള ഈ പ്രത്യേക വാർഡുകളിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്നും ഇതിനായി എന്തെല്ലാം മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**വിദ്യാലയ ആരോഗ്യ പരിപാടി**

**12 (4881)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയ ആരോഗ്യ പരിപാടി കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly